സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകളിലാണ് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പ്രശ്നപരിഹാര ബോർഡ് സ്ഥാപിക്കുവാനുള്ള നിർദ്ദേശമുണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പ്രശ്നപരിഹാര ബോർഡ് രൂപീകരിക്കുന്നതിനുള്ള ഒരു നിർദ്ദേശം കേരള സർവകലാശാല സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സർവ്വകലാശാലകളുടെ പ്രവർത്തനം പുനഃസംവിധാനം ചെയ്യുന്നതിന് നടപടി

99 (2079) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു. എസ്. ശശി :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളുടെ പ്രവർത്തനം പുനഃസംവിധാനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പത്തു വർഷം കൂടുമ്പോൾ സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും അക്കാഡമിക് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കമ്മീഷനുകളെ നിയമിക്കാൻ സർവ്വകലാശാല ആക്ടിൽ വ്യവസ്ഥയുണ്ട്. സർവ്വകലാശാലയുടെ സമ്പത്തിക നില, അവയുടെ കോളേജുകളുടെയും അനുബന്ധ വകുപ്പുകളുടെയും സാമ്പത്തിക നില, ആക്ട്, സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ്, റൂൾസ്, ബൈലാസ് എന്നിവയ്ക്ക് ഭേദഗതി നിർദ്ദേശിക്കൽ, യൂണിവേഴ്സിറ്റി പ്രവർത്തനം മെച്ചപ്പെടുത്തൽ എന്നിവയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാൻ കമ്മീഷന് അധികാരമുണ്ട്. കേരള, എം.ജി, കാലിക്കറ്റ്, കൊച്ചി എന്നീ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളെ കുറിച്ച് പഠിച്ച് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഓരോ കമ്മീഷനുകളെ സർക്കാർ ഇപ്പോൾ നിയമിച്ചിട്ടുണ്ട്. 5 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly